(സി) ഈ പദ്ധതിയിൽപ്പെടുത്തി 2004-2005 സാമ്പത്തികവർഷം 25 ബ്ലോക്കുകളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിനുള്ള ഉദ്ദേശം 50 കോടി രൂപ അടങ്കൽ വരുന്ന പാക്കേജുകൾ തയ്യാറാക്കി കേന്ദ്രാനുമതിയ്ക്ക് നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള ധാന്യവിതരണം

203 [2696] ശ്രീ. എ. കെ. ബാലൻ:

" വി. ചെന്താമരാക്ഷൻ:

" കെ. പി. സതീശ് ചന്ദ്രൻ:

" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരമുള്ള ധാന്യ വിതരണത്തിൽ നടക്കുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിപ്രകാരമുള്ള ധാന്യവിതരണത്തിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ; കഴിഞ്ഞ വർഷം വിതരണം ചെയ്യുന്നതിന് എത്ര ടൺ ധാന്യമാണ് ലഭിച്ചത്; ലഭിച്ച ധാന്യം വിതരണം നടത്തിയത് എപ്രകാരമായിരുന്നുവെന്നും ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശവും അറിയിക്കാമോ;

(ഡി) മലമ്പുഴ-തൃത്താല ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെട്ട ഗ്രാമ പഞ്ചായത്തുകളെ എസ്.ജി.ആർ.വൈ. പദ്ധതിയുടെ ധാന്യ വിതരണത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആർക്കും ധാന്യം വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം സംബന്ധിച്ച ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന തൊഴിൽദാന പദ്ധതികളിൽ തൊഴിൽ ചെയ്യുന്ന ഗ്രാമീണർക്ക് വേതനത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യം ജില്ലകൾക്ക് അനുവദിക്കുന്നത്. ജില്ലകൾക്ക് ലഭിക്കുന്ന ഭക്ഷ്യ ധാന്യത്തിന്റെ 50% ഗ്രാമപഞ്ചായത്തുകൾക്കും 30% ബ്ലോക്ക് പഞ്ചായത്തുകൾക്കും 20% ജില്ലാ പഞ്ചായത്തിനുമാണ് നൽകേണ്ടത്. തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് ഒരു മനുഷ്യാധ്വാന ദിനത്തിന് 10 കിലോഗ്രാം ഭക്ഷ്യധാന്യമാണ് വേതനത്തിന്റെ ഭാഗമായി നൽകുന്നത്. ഇതനുസരിച്ച് ഓരോ പഞ്ചായത്തിനും

LIBRARY ARCHIVES Kerala Legislative Assembly

അർഹതപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ ഇൻഡന്റ് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർമാർ ബന്ധപ്പെട്ട എ.ഡബ്ളിയു.ഡി./എ.ആർ.ഡി.-കൾ വഴി എഫ്.സി.ഐ. ഗോഡൗണുകളിൽ നൽകുന്നു. പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി വന്നാൽ എഫ്. സി. ഐ.-യിൽ നിന്നും നേരിട്ട് ഭക്ഷ്യ ധാന്യം ഏറ്റെടുക്കുന്നതിനും വ്യവസ്ഥയുണ്ട്. ഇപ്രകാരം റേഷൻ വ്യാപാരികൾ മുഖാന്തിരമോ പഞ്ചായത്ത് നേരിട്ടോ എഫ്.സി.ഐ.-യിൽ നിന്നും ഏറ്റെടുക്കുന്ന ഭക്ഷ്യധാന്യം ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെടുന്നവർക്കോ പണികളുടെ ഗുണഭോക്തൃ സമിതി കൺവീനർക്കോ നൽകേണ്ടതാണ്. ഈ പദ്ധതിയനുസരിച്ച് 2003-2004 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകൾക്കായി എസ്.ജി.ആർ.വൈ. 1-ൽ 35480 മെട്രിക് ടൺ ഭക്ഷ്യധാന്യവും എസ്.ജി.ആർ.വൈ. 2-ൽ 37974 മെട്രിക് ടൺ ഭക്ഷ്യധാന്യവും ലഭിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. †

(ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

എസ്.ജി.എസ്.വൈ. പ്രകാരമുള്ള പ്രോജക്ടുകൾ

204 [2697] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.എസ്.വൈ. പ്രകാരം കഴിഞ്ഞ വർഷം കേന്ദ്രഗവൺമെന്റ് ധനസഹായത്തിനായി എത്ര പ്രോജക്ടുകൾ സമർപ്പിച്ചു; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്നും എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയില്ലെന്നും വ്യക്തമാക്കാമോ;

(സി) ഇതിന് അംഗീകാരം നൽകാതിരിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ബെനിഫിഷറീസിനെ കണ്ടെത്തി പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ഗ്രാമ വികസന വകുപ്പ് വീഴ്ച വരുത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.ജി.എസ്.വൈ. ഒരു വിഹിതാധിഷ്ഠിത (Allocation Based) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്രവിഹിതം 14.36 കോടി രൂപയായിരുന്നു. ഇതിൽ 14.35 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly